# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ള റിപ്പോർട്ട്

[Report under Rule 235(1)(iii) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളിന്മേൽ നടന്ന ചർച്ചയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്**

2015 ജൂൺ 29-ാം തീയതി സമർപ്പിച്ചത്

(Presented on 29th June, 2015)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ള റിപ്പോർട്ട്

[Report under Rule 235(1)(iii) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളിന്മേൽ നടന്ന ചർച്ചയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്**

576/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.

,, എം. ചന്ദ്രൻ, എം.എൽ.എ.

,, പി. കെ. ഗുരുദാസൻ, എം.എൽ.എ.

,, എം. ഹംസ, എം.എൽ.എ.

,, പി. എ. മാധവൻ, എം.എൽ.എ.

,, എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

,, എ. കെ. ശശീന്ദ്രൻ, എം.എൽ.എ.

,, കെ. ശിവദാസൻ നായർ, എം.എൽ.എ.

,, എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച് വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 235 (1)(iii) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 17-10-2012-ലെ യോഗത്തിൽ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്ന ന്യൂ എംപ്ലോയ്മെന്റ് ജനറേഷൻ/സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.കളുടെ നവീകരണം സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് തീരുമാനിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം മേൽ വിഷയങ്ങളെ അടിസ്ഥാനമാക്കി 7-11-2012-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 മേയ് മാസം 19-ാം തീയതി ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,

*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 മേയ് 19.

# റിപ്പോർട്ട്

**സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം**

സംസ്ഥാനത്ത് "കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെയ്സ്)" എന്ന അപ്പക്സ് സ്ഥാപനം ആരംഭിച്ച് പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്ത് സ്കിൽ പരിശീലനത്തിന് ആക്കം കൂട്ടുക എന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. സ്കിൽ ഗ്യാപ്പ് അനാലിസിസ്, കരിക്കുലം രൂപപ്പെടുത്തൽ, പ്ലേസ്മെന്റ് സെൽ ഗുണഭോക്താക്കളെ കണ്ടെത്തൽ, ആയതിന് ആവശ്യമായ കമ്പ്യൂട്ടർ പ്രോഗ്രാമുകൾ വികസിപ്പിക്കൽ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. 2011-12, 2012-13 വർഷം ഇതിനായി അധിക വിഭവമായി യഥാക്രമം 2694 ലക്ഷം രൂപയും 1300 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

2. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റും ലേബർ ഡിപ്പാർട്ട്മെന്റും ചേർന്ന് മുൻകൈ എടുത്ത് നടത്തുന്ന പദ്ധതിയാണ് KASE (Kerala Academic for Skills Excellence) എന്നും ഓരോ സംസ്ഥാനവും അവരുടെ സ്കിൽ മിഷനുകൾ രൂപീകരിക്കണമെന്നും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. KASE കേരളത്തിൽ കമ്പനിയായി രജിസ്റ്റർ ചെയ്ത് നിലവിൽ വന്നെന്നും ഇതിന്റെ അഡ്വൈസറി ബോർഡിന്റെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ തൊഴിൽ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാർ അംഗങ്ങളുമാണെന്നും, സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്സ് നടപ്പാക്കുന്നതിനായി രൂപീകൃതമായ ബോർഡിൽ ചെയർമാൻ ചീഫ് സെക്രട്ടറിയും വൈസ് ചെയർമാൻ ലേബർ സെക്രട്ടറിയും അംഗങ്ങൾ നോർക്ക സെക്രട്ടറിയും മറ്റ് സെക്രട്ടറിമാരുമാണെന്നും ഡയറക്ടർ അറിയിച്ചു. മാർച്ച് മാസത്തിൽ രൂപീകരിച്ചിട്ടുള്ള ഈ മിഷനിലൂടെയാണ് ഭാവിയിൽ സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്സും കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികളുമെല്ലാം നടപ്പാക്കുന്നതെന്നും ഇതിന്റെ ആദ്യത്തെ പ്രോജക്ടായ കൺസ്ട്രക്ഷൻ അക്കാദമി പി.പി.പി. മോഡലിൽ ഡിസംബറിൽ ചവറയിൽ ആരംഭിക്കുമെന്നും അറിയിച്ചു. ഇതിനുവേണ്ടി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചിരുന്നതിൽ മൂന്ന് കമ്പനികളാണ് ക്വാളിഫൈഡായിട്ടുള്ളതെന്നും, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ കൊടുത്ത് ടെണ്ടർ വിളിച്ച് അതിൽനിന്നും ബെസ്റ്റ് പ്രൊപ്പോസൽ സെലക്ട് ചെയ്ത് KASE-മായി ചേർന്ന് ട്രെയിനിംഗ് ഫെസിലിറ്റി ആരംഭിക്കുകവഴി അമ്പതിനായിരത്തോളം പേർക്ക് കൺസ്ട്രക്ഷൻ ഫീൽഡിലും ഓരോ ജില്ലയിലും സബ്സെന്റർ ആരംഭിക്കുകവഴി ഏതാണ്ട് ഒരു ലക്ഷത്തോളം പേർക്ക് നേരിട്ടും അല്ലാതെയും ട്രെയിനിംഗ് കൊടുത്ത് സർട്ടിഫിക്കറ്റ് നൽകുവാനും സാധിക്കുമെന്നും കൂട്ടിച്ചേർത്തു.

3. ഓട്ടോമൊബൈൽ ട്രെയിനിംഗ് ഹബ്ബ്, വിദേശഭാഷകളിൽ പരിശീലനം നൽകുന്നതിനായി നഴ്സസ് ട്രെയിനിംഗ് സെന്റർ, ഒ.എൻ.ജി.സി.യുടെ ആഭിമുഖ്യത്തിൽ പെട്രോളിയം ആന്റ് റിഗ് ട്രെയിനിംഗ് സെന്റർ എന്നീ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത് KASE മുഖാന്തിരമാണെന്നും അറിയിച്ചു.

4. കമ്പ്യൂട്ടർവൽകൃത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന എൻ.ഐ.സി.യുടെ 'തൊഴിൽ' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമായ വെബ് ബേസ്ഡ് ആയ കേയ്സ് (കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ്) പ്രൈവറ്റ് എംപ്ലോയേഴ്സിനും കൂടി പ്രയോജനമാകുന്നവിധത്തിൽ ഒരു എംപ്ലോയ്മെന്റ് പോർട്ടൽ കൂടി മോഡണൈസേഷന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ടെന്നും, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രോഗ്രാമുകളാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. സ്കിൽ ഡെവലപ്മെന്റിന് പുതിയ മേഖലകളും ഇൻഡസ്ട്രികളും വന്നിട്ടുണ്ടെന്നും ഇന്ത്യയിലും വിദേശത്തും കൺസ്ട്രക്ഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനാണ് ഏറ്റവും കൂടുതൽ എംപ്ലോയ്മെന്റ് ജനറേഷനുള്ളത് എന്നതിനാൽ അതിനുവേണ്ടിയുള്ള ആദ്യത്തെ എസ്.പി.വി.യും ട്രെയിനിംഗ് സെന്ററും ഡിസംബർ മാസത്തോടെ ചവറയിൽ ആരംഭിക്കുമെന്നും വ്യക്തമാക്കി.

5. കേരളത്തിന്റെ പരമ്പരാഗത കരകൗശല മേഖലയെ നവ ഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാനും, പരിശീലനം വിപുലപ്പെടുത്തുവാനും കേരള അക്കാദമി ഫോർ സ്കിൽസിനോടുകൂടി മെർജ് ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ഉണ്ടെന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൈ-അപ്പ് ആണ് ഉദ്ദേശിക്കുന്നതെന്നും, അറുപത് ശതമാനത്തോളം പൂർത്തിയായിട്ടുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഡിസൈൻ ആന്റ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടായി കേരളത്തിൽ മാറുമെന്നും താമസിയാതെ തന്നെ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുമെന്നും സമിതിയെ അറിയിച്ചു.

6. റീട്ടെയിൽ ആന്റ് ടൂറിസം, ഹെൽത്ത് കെയർ ആന്റ് ഹോസ്പിറ്റാലിറ്റി, ഐ.ടി. ആന്റ് ഐ.ടി. എനേബിൾഡ് സർവ്വീസസ്, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സെക്ടേഴ്സ് എന്നീ മേഖലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ KASE വഴി കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

7. ചവറയിലെ എസ്.പി.വി. കൺസ്ട്രക്ഷൻ മേഖലയിൽ എല്ലാ തട്ടിലുമുള്ള വർക്കേഴ്സിനെ ട്രെയിൻ ചെയ്യിക്കാനാണുദ്ദേശിക്കുന്നതെന്നും അമ്പതിനായിരത്തോളം പേർക്ക് ഒരു വർഷം പരിശീലനം കൊടുക്കുവാൻ സാധിക്കുമെന്നും വിദേശ ജോലികൾക്ക് ഉപകാരപ്പെടുന്നവിധത്തിൽ ഒരു ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ— നടപ്പിൽവരുത്തുന്നത് ആലോചിക്കുന്നുണ്ടെന്നും വ്യക്തമാക്കി.

**ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തൽ**

8. വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം അവർക്ക് ഗുണനിലവാരമുള്ള ട്രെയിനിംഗ് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ഐ.ടി.ഐ.കളിൽ ആധുനിക യന്ത്രോപകരണങ്ങളുടെ സഹായത്തോടുകൂടിയുള്ള പരിശീലനം ഉറപ്പാക്കുന്നതിന് ഊന്നൽ നൽകുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളിൽ ഒന്നാണ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഐ.ടി.ഐ.കളുടെ നിലവാരമുയർത്തുന്ന പദ്ധതി.

9. ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തി ബഞ്ച് മാർക്ക് ചെയ്ത് അന്താരാഷ്ട്ര നിലവാരമുള്ളവയായി മാറ്റുന്നതിന്റെ ഭാഗമായി കോഴ്സ് മോഡേണൈസേഷൻ, പുതിയ സിലബസ്, മെഷീനറി ആന്റ് വർക്ക്ഷോപ്പ് മോഡേണൈസേഷൻ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ തുടങ്ങിയവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് എന്നും കോഴിക്കോട് വനിതാ ഐ.ടി.ഐ., ഗവൺമെന്റ് ഐ.ടി.ഐ., ഏറ്റുമാനൂർ എന്നിവിടങ്ങളിൽ മുൻവർഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകി എന്നും നടപ്പുവർഷം പത്തോളം ഐ.ടി.ഐ. കൾക്ക് അത് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതായും സമിതിയെ അറിയിച്ചു.

10. മാത്രമല്ല അച്ചടക്കം നിലനിർത്തുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.കളിൽ ജനറൽ ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം നടപ്പാക്കിയതായും അങ്ങനെ ചെയ്താൽ മാത്രമേ ഒരു പുതിയ ഇൻഡസ്ട്രിയിലേക്ക് പോകുമ്പോൾ ഡിസിപ്ലിൻഡ് വർക്ക് ഫോഴ്സ് ആകുവാൻ സാധിക്കുകയുള്ളൂവെന്നും സമിതിയെ അറിയിച്ചു.

11. മുൻകാലങ്ങളിൽ ഐ.ടി.ഐ.-യ്ക്ക് വലിയ പ്രാധാന്യം കൊടുത്തിരുന്നില്ലെന്നും അതിന്റെ പ്രാധാന്യം വീണ്ടെടുക്കുന്നതിന്റെ ഭാഗമായി അച്ചടക്കം കൊണ്ടുവരുന്നതിനും നിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് ബയോമെട്രിക് അറ്റൻഡൻസ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും, വരുംകാലങ്ങളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ എസ്.എം.എസ്. വഴി വീട്ടുകാരെ അറിയിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുമെന്നും യോഗാദ്ധ്യക്ഷൻ സമിതിയെ അറിയിച്ചു.

12. ഐ.ടി.ഐ.കളെ സ്മാർട്ട് ഐ.ടി.ഐ. ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള 34 ITI-കളെയും 2mbps ലൈൻ മുഖാന്തിരം ഇന്റർലിങ്ക് ചെയ്തിരിക്കുകയാണെന്നും, ഇതുവഴി ഏതു രാജ്യത്തുനിന്നു വേണമെങ്കിലും ഏതൊരു ഇൻസ്ട്രക്ടർക്കും ഇവിടത്തെ കുട്ടികൾക്ക് ക്ലാസ് എടുക്കാൻ സാധിക്കുമെന്നും, അങ്ങനെ ട്രെയിൻഡായിട്ടുള്ള ഇൻസ്ട്രക്ടർമാരുടെ കുറവ് പരിഹരിക്കാൻ സാധിക്കുമെന്നും, ഡയറക്ടർ അറിയിച്ചു. 73 ഐ.ടി.ഐ.കളിലും സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കുകയും ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ടെന്നും ഐ.ടി.ഐ.യിൽ നിന്ന് പാസ് ഔട്ട് ആകുന്ന കുട്ടികൾക്കുവേണ്ടി www.skilljobs.kerala.gov.in എന്നൊരു വെബ് പോർട്ടൽ രൂപീകരിച്ചെന്നും വ്യക്തമാക്കി.

13. സ്മാർട്ട് കണക്ട് സംവിധാനം എല്ലാ ഐ.ടി.ഐ.കളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്നതിനുള്ള ഒരു സംവിധാനമാണെന്നും കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്ക് വഴി എല്ലാ ഐ.ടി.ഐ.കളെയും തമ്മിൽ ബന്ധിപ്പിക്കാനും, വെർച്വൽ ക്ലാസ്റൂം നെറ്റ്‌വർക്ക് സംവിധാനം വികസിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കി.

14. ഇപ്പോൾ ഐ.ടി.ഐ.കളിലുള്ള ഗ്രാഫിക്സ് സബ്ജക്ടുകളെല്ലാംതന്നെ കുട്ടികൾക്ക് മനസ്സിലാക്കാൻ വളരെ പ്രയാസമായതിനാൽ കെൽട്രോൺ മുഖാന്തിരം ഒരു 3D ഇന്ററാക്ടീവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു പുതിയ ആശയമാണ് സ്മാർട്ട്-ടെക്-3D-ഇന്ററാക്ടീവ് ലേണിംഗ്. ഇതിൽ ഗ്രാഫിക്സ്, ഓട്ടോമാറ്റിക് മെക്കാനിക്സ് എന്നിവ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. നോർക്കവഴിയുള്ള ട്രെയിനിംഗ് ഐ.ടി.ഐ.കളിലൂടെയാണ് കൊടുക്കുന്നതെന്നും രണ്ട് കോടിയോളം രൂപ ചെലവഴിച്ച് ട്രെയിനിംഗ് കൊടുത്തിരുന്നു എന്നും അതിൽ മിക്കവാറും പേർക്ക് പ്ലേസ്മെന്റ് ആയിട്ടുണ്ടെന്നും ഐ.ടി.ഐ.കളിൽ ഓൺലൈൻ ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവരാൻ പോകുകയാണെന്നും ഡയറക്ടർ അറിയിച്ചു. 1971-നുശേഷം ഇതുവരെയും സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്താത്തതിനാൽ 89-ഓളം ഇൻസ്ട്രക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകഴിഞ്ഞാൽ പുതിയ ഇൻസ്ട്രക്ടേഴ്സിനെ നിയമിക്കാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ടു.

16. പരിശീലന സ്ഥാപനങ്ങളിൽ കുട്ടികളെ ചൂഷണം ചെയ്യുകയോ അമിതമായ ഫീസ് ഈടാക്കുകയോ ഇടയ്ക്കുവെച്ച് നിർത്തിപോകുകയോ ചെയ്യുന്നതിനെതിരെ Kerala State Vocational Training Control and Regulation Act, 2012 എന്ന പേരിൽ കൊണ്ടുവരുന്ന പുതിയ നിയമത്തിന്റെ ഡ്രാഫ്റ്റ് നിയമവകുപ്പ് വെറ്റ് ചെയ്തിട്ടുണ്ട്. അത് അടുത്ത നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സമിതിയിൽ വ്യക്തമാക്കി.

17. കേരളത്തിലെ അൺഅഫിലിയേറ്റഡായ 240 പ്രൈവറ്റ് ഐ.ടി.ഐ.കളെയും അഫിലിയേറ്റഡ് ആക്കാനും ട്രെയിൻഡ് അല്ലാത്ത ഇൻസ്ട്രക്ടേഴ്സിനെ ബാച്ചുകളായി പല ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പരിശീലനത്തിന് അയയ്ക്കാനും, മൂന്നു ജില്ലകളിൽ ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം Additional Skill and Enhancement Programme (ASEP) എന്ന പേരിൽ ഒരു സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം നടത്താനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ഇനി പുതിയ ഐ.ടി.ഐ.കൾ തുടങ്ങാനുദ്ദേശിക്കുന്നില്ലെന്നും പഴയ ഐ.ടി.ഐ.കൾ മോഡേണൈസ് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും വ്യക്തമാക്കപ്പെട്ടു.

19. ഓരോ ഐ.ടി.ഐ.യെയും ഓരോ കമ്പനിയെക്കൊണ്ട് സ്പോൺസർ ചെയ്യിച്ച് അവർ തന്നെ ട്രെയിനിംഗും പ്ലേസ്മെന്റും കൊടുക്കാനുള്ള രീതിയിലാണ് മുന്നോട്ട് പോകേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ, തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ (എംപ്ലോയബിലിറ്റി സെന്റർ)**

20. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യമായി ഒരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കൊണ്ടുവരാൻ ശ്രമിക്കുകയാണെന്നും, ഇന്ത്യയിൽ ഒരിടത്തും ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇല്ലായെന്നും 65 എക്സ്ചേഞ്ചുകളിൽ ഡാറ്റാ ഡിജിറ്റൈസ് ചെയ്ത് വെരിഫൈ ചെയ്തെന്നും ബാക്കി 25 എക്സ്ചേഞ്ചുകൾ നവംബർ 30-ഓടുകൂടി ഡിജിറ്റൈസേഷൻ പൂർത്തിയാക്കുമെന്നും അറിയിച്ചു. അങ്ങനെ കേരളത്തിലെ മിക്കവാറും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും ഡാറ്റാ വെരിഫൈഡ് ഡാറ്റാ ബേസായി മാറ്റുവാൻ

കഴിയുമെന്നും, ഡിസംബർ ആദ്യവാരം ആകുമ്പോൾ ഓൺലൈൻ സംവിധാനം ഇന്ത്യയിൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്താൽ റിന്യൂവലും, സീനിയോറിറ്റിയും ഓൺലൈനായി ചെയ്യുന്നതിനും തന്മൂലം വിവിധ വകുപ്പുകളിൽ വളരെ എളുപ്പം ആളുകളെ നിയമിക്കാൻ സാധിക്കുമെന്നും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

21. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കാനുള്ള പുതിയ പദ്ധതിയുടെ ഭാഗമായി 2012-ൽ തിരഞ്ഞെടുത്ത കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സ്കിൽ പരിശോധിച്ച് അതിലെന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ വി.റ്റി.പി. (വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ) മുഖാന്തിരം പരിഹരിക്കുന്നതിനും, ഉദ്യോഗാർത്ഥികൾക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമല്ല സ്വകാര്യ സ്ഥാപനങ്ങളിലും ആവശ്യമായ പ്ലേസ്മെന്റ് നൽകുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സർക്കാരിന്റെ മുമ്പിലുള്ള ഏറ്റവും വലിയ പ്രശ്നം കാലതാമസമാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇത്തരത്തിൽ മാറിക്കഴിയുമ്പോൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുവേണ്ടി മാത്രം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പോയാൽ മതിയെന്നും ബാക്കിയുള്ളവ വീട്ടിലിരുന്ന് ഓൺലൈനായി ചെയ്യാവുന്നതാണെന്നും കമ്പനികൾക്ക് എത്രപേരെ വേണമെന്നത് സംബന്ധിച്ച് ലിസ്റ്റ് ഫീഡ് ചെയ്താൽ ഉടനെ കിട്ടുമെന്നും സർക്കാർ ഉദ്യോഗത്തിന്റെ കാര്യത്തിൽ വ്യക്തതയും കാര്യക്ഷമതയും കൈവരിക്കുവാൻ സാധിക്കുന്നതോടൊപ്പം പുതുതായി വരുന്ന ഒരാളെ എംപ്ലോയബിൾ ആക്കുന്നതിന് ലാംഗ്വേജ്, കമ്പ്യൂട്ടർ, സോഫ്റ്റ് സ്കിൽസ് എന്നിവയിലുള്ള പരിശീലനം എംപ്ലോയബിലിറ്റി സെന്ററിൽത്തന്നെ കൊടുക്കുവാനും, അഡീഷണൽ സ്കിൽ വേണ്ടവർക്ക് വി.റ്റി.പി.കൾ വഴി പരിശീലനം ലഭ്യമാക്കുവാനും ഇത്തരത്തിൽ പരിശീലനം നേടുന്നവർക്ക് സർക്കാർ, സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുവാൻ സാധിക്കുമെന്നും സമിതിയിൽ വ്യക്തമാക്കി.

23. കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട 43 ലക്ഷത്തോളം പേരിൽ നാൽപ്പത്തിയേഴായിരം ഐ.റ്റി. ഗ്രാജുവേറ്റ്സും മറ്റ് എഞ്ചിനീയറിംഗ് ശാഖകളിലുള്ള ഒരു ലക്ഷത്തി അമ്പതിനായിരത്തോളം പേരുമാണുള്ളത്. എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, സ്കിൽ ഡെവലപ്മെന്റിനുവേണ്ടി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്കിൽ ഡെവലപ്മെന്റ് സാദ്ധ്യമാക്കുന്നതിന് ഒരു പദ്ധതി വി.റ്റി.പി. സെന്ററുകളിലൂടെ നടപ്പിലാക്കുന്നുണ്ടെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്ക് യോഗ്യതയ്ക്കനുസൃതമായി 90 മുതൽ 180 ദിവസം വരെയുള്ള ട്രെയിനിംഗിനുശേഷം ടെസ്റ്റ് നടത്തി അസ്സസ് ചെയ്ത് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള 80 വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് മതിയാകാത്തതിനാൽ, കോളേജുകളും വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങളും ഇതിൽ രജിസ്റ്റർ ചെയ്താൽ ഈ ലക്ഷ്യം നേടാൻ കഴിയുമെന്നും, 23 കോടി രൂപയാണ് കേന്ദ്ര സർക്കാർ എം.ഇ.എസ്. (മോഡുലാർ എംപ്ലോയ്മെന്റ് സ്കിൽ കോഴ്സുകൾ) പ്രോഗ്രാമിനുവേണ്ടി നൽകിയിട്ടുള്ളതെന്നും, ഇപ്പോഴുള്ള ലക്ഷ്യം

ഇരുപത്തി അയ്യായിരം പേർക്ക് ട്രെയിനിംഗ് നൽകണമെന്നായതിനാൽ കൂടുതൽ വി.റ്റി.പി.കൾ തുടങ്ങിയാൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നും അതിനുവേണ്ടി ഒരു അഡ്വർടൈസ്മെന്റ് ക്യാംപയിനും എഫ്.എം. റേഡിയോ വഴിയുള്ള പ്രചരണവും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും സമിതിയെ അറിയിച്ചു.

24. കേന്ദ്ര ഗവൺമെന്റിന്റെ നല്ലൊരു പദ്ധതിയാണിതെന്നും, വിവിധ ട്രേഡുകളിലായി 1600-ഓളം കോഴ്സുകളാണ് വി.റ്റി.പി. വഴി ആരംഭിച്ചിരിക്കുന്നതെന്നും, സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങൾക്കും, ട്രെയിനിംഗ് കൊടുക്കാമെന്നും, ട്രെയിനിംഗ് ലഭിക്കുന്നവർക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് നൽകുന്നതാകയാൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുമെന്നും ട്രെയിനിംഗ് ഫീസ് മണിക്കൂറിന് 30 രൂപ വീതം 600 രൂപയാണെന്നും ഇതൊരു നല്ല സംരംഭമാണെന്നും, ട്രെയിനിംഗിന്റെ പേരിൽ പലതരത്തിലുള്ള വ്യാജ പ്രവർത്തനങ്ങൾ (തട്ടിപ്പുകൾ) നടക്കുന്നതിനാൽ എം.എൽ.എ.മാർ മുൻകൈ എടുത്ത് കൂടുതൽ വി.റ്റി.പി.കൾ രജിസ്റ്റർ ചെയ്യിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

ആര്യാടൻ മുഹമ്മദ്,

*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 മേയ് 19.